# Kerala Private COLLEGE TEACHER

No. 135

November '96



എ.കെ.പി.സി.ടി.എ. യുടെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ കോളേജ് അദ്ധ്യാപികമാരുടെ കൺവെൻഷനിൽ പങ്കെടുത്തുകൊണ്ട് പ്രൊഫ. കെ. സദാശിവൻനായർ സംസാരിക്കുന്നു. കെ. എസ്. ടി. എ. വൈസ് പ്രസിഡൻറ് സോണി കോമത്ത്, ജില്ലാപ്രസിഡൻറ് പ്രൊഫ. വി. പി. ശിവശങ്കരൻനായർ എന്നിവരാണ് വേദിയിൽ.



എറണാകുളം ജില്ലയിലെ എ. കെ. പി. സി. ടി. എ. അധ്യാപികമാരുടെ കൺവെൻഷനിൽ പങ്കെടുത്ത പ്രതിനിധികൾ.

*കേരള പ്രൈവററ് കോളേജ് ടീച്ചർ*

*ലക്കം: 135*

*നവംബർ 1996*

എഡിററർ:

*എ. പ്രതാപചന്ദ്രൻ നായർ*

മാനേജിംഗ് എഡിററർ:

*ടി. എൻ. മനോഹരൻ*

അംഗങ്ങൾ:

*എസ്. വിശ്വനാഥൻ*

*കെ. പി. ദിവാകരൻനായർ*

*എം. സലീം*

*ജോയ് ജോബ് കുളവേലി*

*കെ. ഇ. എൻ. കുഞ്ഞഹമ്മദ്*

*മാത്യു ജെ. മുട്ടത്ത്*

*എം. എസ്. വസന്തകുമാർ*

*ഡി. തോമസ്*

*എസ്. ജയരാജ്കുമാർ*

*ജി. എസ്. സുരേഷ്*

*ഷാഹുൽ ഹമീദ്*

*കെ. സി. കുട്ടപ്പൻ നായർ*

*ജെ. ചന്ദ്ര*

# ജനാധിപത്യം അട്ടിമറിക്കരുത്

അതിവിചിത്രമായ ഒരാവശ്യവുമായി കോളേജ് പ്രിൻസിപ്പലൻമാരുടെ 'സംഘടന' രംഗത്തെത്തിയിരിക്കുന്നു. കോളേജ് അദ്ധ്യാപകർക്ക് ഇന്നുള്ള രാഷ്ട്രീയ സ്വാതന്ത്ര്യം എടുത്തുകളയണം ! മാനേജുമെൻറുകൾ പഠിച്ച പണി പതിനെട്ടും നോക്കിയിട്ടും നടക്കാത്ത കാര്യം ഇവരേറെറടുത്തിരിക്കയാണ്. അദ്ധ്യാപകർക്കെതിരേ, അവരുടെ ഇടയിൽ നിന്നു വരുന്നവരെത്തന്നെ ഉപയോഗിക്കുന്ന പഴയ മാനേജ്മെൻറ് തന്ത്രമാണിത്. മരംവെട്ടുന്ന കോടാലിക്ക് കൈ മരമാണല്ലോ. അധികാരമൊക്കെ നഷ്ടപ്പെട്ടിരിക്കുന്ന മാനേജരൻമാർക്ക് പഴയ 'വിമോചന സമരവീര്യം' പകർന്നു കൊടുക്കാൻ ബദ്ധപ്പെടുകയാണിവർ.

മാനേജ്മെൻറോ അവരുടെ പാദസേവകരായ പ്രിൻസിപ്പലൻമാരോ കനിഞ്ഞരുളിയ വരദാനമൊന്നുമല്ല അദ്ധ്യാപകർക്കിന്നുള്ള രാഷ്ട്രീയ സ്വാതന്ത്ര്യം. ഭരണഘടനാദത്തമായ അവകാശമാണത്. സ്വന്തം അഭിപ്രായം തുറന്നു പറയാനുള്ള ഈ സ്വാതന്ത്ര്യം ജനാധിപത്യ ബോധവും സാമാന്യ നീതിബോധവുമുള്ള ആരും എതിർക്കുകയില്ല. അതിപ്രഗത്ഭരായ വിദ്യാഭ്യാസ ചിന്തകർ രൂപം നൽകിയിട്ടുള്ള സർവ്വകലാശാലാ നിയമങ്ങളിലൊന്നും ഈ അവകാശം എടുത്തു കളയണമെന്ന് പറഞ്ഞിട്ടില്ല. മാത്രമല്ല. കോത്താരി റിപ്പോർട്ടിൽ അദ്ധ്യാപകർക്ക് രാഷ്ട്രീയാഭിപ്രായം പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നാണ് പറയുന്നത്,

സംഘടനാ പ്രവർത്തനങ്ങളെല്ലാം നിരോധിച്ചിരുന്ന 'അടിയന്തിരാവസ്ഥ'ക്കാലത്ത് ഏററവും സന്തോഷിച്ചിരുന്നവർ പ്രിൻസിപ്പലൻമാരായിരുന്നു. (അടിയന്തിരാവസ്ഥയെ അനുകൂലിച്ച പ്രൊഫ. ഗുപ്തൻ നായരായിരുന്നു പ്രിൻസിപ്പലൻമാരുടെ ഇപ്പോഴത്തെ പ്രകടനം നയിച്ചതെന്നോർക്കുക) രാഷ്ട്രീയം പാടില്ല എന്നിവർപറയുന്നതിനർത്ഥം തങ്ങൾക്കിഷ്ടമില്ലാത്ത രാഷ്ട്രീയം പാടില്ല എന്നാണ്. ഇത്തരം പ്രിൻസിപ്പലൻമാരുടെ രാഷ്ട്രീയക്കളിയാണ് അവസാനിപ്പിക്കേണ്ടത്.

അദ്ധ്യാപകർക്ക് രാഷ്ട്രീയം പാടില്ല; വിദ്യാർത്ഥികൾക്കും പാടില്ല; പിന്നാർക്കാണ് പാടുള്ളത്? അത്ര മോശപ്പെട്ട ഒന്നാണോ രാഷ്ട്രീയം? അധ്യാപകരും വിദ്യാർത്ഥികളുമൊന്നും രാഷ്ട്രത്തിൻെറ കാര്യം ആലോചിക്കേണ്ടെന്നോ? കണ്ണുതുറന്നു നോക്കിയാൽ പ്രിൻസിപ്പലൻമാർക്ക് കാണാൻ കഴി

യുന്ന ഒരു വസ്തുതയുണ്ട്: രാജ്യത്ത് അടിച്ചമർത്തുന്നവരുണ്ട്; അടിച്ചമർത്തപ്പെടുന്നവരുമുണ്ട്. അതുകൊണ്ടു തന്നെ ഈ രണ്ടു കൂട്ടരുടേയും രാഷ്ട്രീയം ഒന്നാവാൻ പാറില്ല. രാഷ്ട്രീയത്തിലെ ഈ വ്യത്യാസം സ്വന്തം ചിന്ത പണയം വെച്ചിട്ടില്ലാത്തവരൊക്കെ തിരിച്ചറിയും.

വിദ്യാർത്ഥികൾ അക്രമമാർഗ്ഗം സ്വീകരിക്കുന്നതിനെ അതിശക്തമായി എതിർക്കുന്ന സംഘടനയാണ് എകെപിസിടിഎ. എന്നാൽ കോളേജ് ഭരണാധികാരികളായ പ്രിൻസിപ്പലന്മാരുടെ കഴിവുകേടാണ് പല കോളേജിലും പ്രശ്നമുണ്ടാക്കുന്നത്. അഡ്മിഷൻ സമയത്ത് കോഴപ്പണം ശേഖരിക്കുകയാണ് നല്ലൊരു ഭാഗം പ്രിൻസിപ്പലന്മാരുടേയും പണി. ഇത്തരം അഡ്മിഷനിലൂടെ ക്രിമിനൽ സ്വഭാവമുള്ള വിദ്യാർത്ഥികൾ കോളേജുകളിൽ കടന്നുകൂടുകയാണ്. മെരിറ്റുള്ള കുട്ടികൾക്ക് മാത്രമേ പ്രവേശനമുള്ളൂ എന്ന് നട്ടെല്ലു നിവർത്തി നിന്നു പറയാൻ എത്ര പ്രിൻസിപ്പലന്മാരുണ്ടാകും ? കുറ്റം ചെയ്യുന്ന വിദ്യാർത്ഥികളുടെ പേരിൽ കർശന നടപടി സ്വീകരിക്കാൻ ഇവരിൽ എത്രപേർക്ക് ധൈര്യമുണ്ട്. എങ്ങിനെയും സ്വന്തം തടി രക്ഷിക്കാൻ തത്രപ്പെടുന്നവരാണ് ഇവരിലധികം പേരും. ഇത്തരം കാര്യങ്ങളിൽ ആത്മപരിശോധന നടത്താൻ നമ്മുടെ പ്രിൻസിപ്പലന്മാർ തയ്യാറാകേണ്ട കാലം അതിക്രമിച്ചിരിക്കയാണ് .

കോളേജുകളിലെ ജനാധിപത്യവും തെരഞ്ഞെടുപ്പുമൊക്കെയാണ് എല്ലാ കുഴപ്പങ്ങൾക്കും കാരണമെന്ന ചിന്ത നാളെ സമൂഹത്തിലേയ്ക്കു വ്യാപിച്ചാൽ എങ്ങിനെയിരിക്കും ? എന്തിന് നാളെ, ഇന്നിതാ നമ്മുടെ മുമ്പിൽ അഫ്ഗാനിസ്ഥാൻ. അവിടെ ഇപ്പോൾ എന്താണു നടന്നുവരുന്നതെന്ന് കാണണം. ഉണ്ടായിരുന്ന ജനാധിപത്യം അട്ടിമറിച്ചപ്പോൾ അധികാരത്തിൽ വന്നത് മതസംഘടനേ. അവരേയും അട്ടിമറിച്ച് അധികാരത്തിൽ വന്ന മതതീവ്രവാദികളായ 'താലിബാൻ' സംഘം ആദ്യം ചെയ്തത് പെൺകുട്ടികൾ പഠിച്ച സ്കൂളുകളും കോളേജുകളും പൂട്ടുകയായിരുന്നു സ്ത്രീകൾ ജോലിക്ക് പോകുന്നത് നിരോധിച്ചു. പർദയിടാതെ സ്ത്രീയും, താടിയും തൊപ്പിയും ഇല്ലാതെ പുരുഷനും പുറത്തിറങ്ങാൻ പാടില്ല. നമ്മുടെ തൊട്ടയലത്ത് ഇപ്പോൾ നടന്ന കാര്യമാണ്. ജനാധിപത്യം വേണ്ട, രാഷ്ട്രീയം വേണ്ട എന്നു പറഞ്ഞ് ജനങ്ങളെ ഇത്തരം തീവ്രവാദത്തിന് എറിഞ്ഞു കൊടുക്കുന്ന അവസ്ഥ അറിഞ്ഞു കൊണ്ട് സൃഷ്ടിക്കരുതെന്നേ ഞങ്ങൾ പറയുന്നുള്ളൂ. ഇന്ന് ജനാധിപത്യത്തിനുള്ള കുഴപ്പങ്ങൾ പരിഹരിക്കേണ്ടത് അത് ഇല്ലായ്മ ചെയ്തു കൊണ്ടല്ല, മറിച്ച് കൂടുതൽ ജനാധിപത്യം നല്കിക്കൊണ്ടാണ്.

മാനേജുമെൻറുകളോടും മുഷ്കരന്മാരായ ചില പ്രിൻസിപ്പലന്മാരോടും കടുത്ത പോരാട്ടം നടത്തിയാണ് അദ്ധ്യാപക പ്രസ്ഥാനം മുന്നേറിയിട്ടുള്ളത്. അതിനിയും കൂടുതൽ കരുത്തോടെ തുടരുകയും ചെയ്യും. പ്രിൻസിപ്പലന്മാർ അദ്ധ്യാപകർക്കെതിരേ ഇപ്പോൾ ഓങ്ങിയിരിക്കുന്ന വാൾ ഉറയിലിടുന്നതാണ് അവർക്ക് നല്ലത്.

# കേന്ദ്രീകൃത മൂല്യനിർണയം ഉപേക്ഷിക്കരുത്

കാലതാമസം കൂടാതെ പ്രീഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിക്കാൻ വേണ്ടി, കേരളത്തിലെ സർവകലാശാലകൾ, ദശകങ്ങളായി സ്വീകരിച്ചു പോരുന്ന രീതിയാണ് കേന്ദ്രീകൃത മൂല്യനിർണയം. അതുമൂലം കേരളത്തിലെ വിദ്യാർത്ഥികൾക്ക് പ്രീഡിഗ്രി വിദ്യാഭ്യാസം പൂർത്തിയാക്കുന്ന വർഷം തന്നെ ഇന്ത്യയിലെ ഇതരസർവകലാശാലകളിൽ ഉന്നതപഠനം നടത്തുന്നതിന് അവസരം ലഭിക്കാറുണ്ട്. കേന്ദ്രീകൃത മൂല്യനിർണയം അവസാനിപ്പിക്കാനുള്ള കേരള സർവകലാശാലയുടെ തീരുമാനം വേണ്ടത്ര ആലോചന കൂടാതെയുള്ളതാണ് ഇതിനു ബദലായി ഫലപ്രദമായ മാറ്റു രീതികൾ സർവകലാശാലയ്ക്ക് മുന്നോട്ട് വയ്ക്കാനുമില്ല ധൃതിപിടിച്ചെടുത്ത ഈ തീരുമാനം വിദ്യാർത്ഥികളുടെ ഭാവിയിൽ താല്പര്യമുള്ള എവർക്കും ഉത്കണ്ഠയുളവാക്കുന്നതാണ്. കേരള സർവകലാശാലാ സിണ്ടിക്കേറ്റ് എടുത്ത തീരുമാനം പുനഃപരിശോധിക്കണമെന്നും ഫലപ്രദമായ ബദലുകൾ ഉണ്ടാകുന്നതുവരെ കേന്ദ്രീകൃത മൂല്യനിർണയ രീതി നിലനിറുത്തണമെന്നും എ കെ പി സി ടി എ ആവശ്യപ്പെടുന്നു.

# ആധുനിക വിദ്യാഭ്യാസം
## — ഒരു വിലയിരുത്തൽ

ഡോ. പി. എസ്. മോഹൻകുമാർ
റീഡർ, ശ്രീശങ്കരാ കോളേജ്, കാലടി

ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ ആധുനിക യുഗം ആരംഭിക്കുന്നത് 1857ൽ കൽക്കട്ടയിലും മദ്രാസിലും, ബോംബെയിലും ആരംഭിച്ച സർവകലാശാലകളുടെ ആവിർഭാവത്തോടെയാണ്. പക്ഷെ പ്രാചീന ചരിത്രം പരിശോധിച്ചാൽ ഇന്ത്യയിൽ വിദ്യാഭ്യാസം ബി. സി. 1000ത്തിനു മുൻപ് തുടങ്ങുന്നതായി കാണാം. വേദങ്ങളും ഉപനിഷത്തുകളും സൂത്രങ്ങളും ബ്രാഹ്മണങ്ങളും ഇന്നും വഴികാട്ടികളായി പ്രകാശം പരത്തുന്നു. സുപ്രസിദ്ധ പ്രാചീന ഗുരുകുല വിദ്യാപീഠങ്ങളായ തക്ഷശില, വാരണാസി, നളന്ദ എന്നിവയുടെ മാതൃക ഇന്നും അനുകരണീയമാണ്. നമ്മുടെ സർവകലാശാലകളുടെ തുടക്കം നളന്ദയിൽ നിന്നുമാണ്. പാശ്ചാത്യ മാതൃകയിലുള്ള വിദ്യാഭ്യാസം ഇന്ത്യയിൽ ആരംഭിച്ചത് ബ്രിട്ടീഷ് ഭരണത്തിന്റെ തുടക്കത്തോടെയാണ്. ഭരണവർഗത്തോടു കൂറുള്ളവരായി ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനുവേണ്ടി മെക്കാളെ പ്രഭുവിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അന്ന് വിദ്യാഭ്യാസനയം രൂപവൽക്കരിച്ചത്.

ഹണ്ടർകമ്മീഷൻ (1882) റാലികമ്മീഷൻ (1902) കൽക്കത്ത യൂണിവേഴ്സിററി കമ്മീഷൻ അഥവാ സാഡ്ലർ കമ്മീഷൻ എന്നീ പ്രസിദ്ധ വിദ്യാഭ്യാസക്കമ്മീഷനുകളുടെയും ലക്ഷ്യം ഏറെക്കുറെ മുൻപ് സൂചിപ്പിച്ചതുതന്നെ. ഇതിനെതിരായാണ് തൊഴിലടിസ്ഥാനത്തിൽ മാതൃഭാഷയിൽ വിദ്യാഭ്യാസം വിഭാവനം ചെയ്തുകൊണ്ട് ഗാന്ധിജിയുടെ 'വാർധാ സ്കീം' 1937 ൽ ജന്മം എടുത്തത്. വിദ്യാഭ്യാസത്തിന്റെ ഊടും പാവും മെച്ചപ്പെടുത്തുന്നതിനുവേണ്ടി പിൽക്കാലത്ത് ഇന്ത്യാഗവൺമെൻറ് പല കമ്മീഷനുകളും രൂപവൽക്കരിക്കുകയുണ്ടായി. ഇതിൽ എടുത്തുപറയേണ്ടവ രാധാകൃഷ്ണൻ കമ്മീഷൻ (1948) കോത്താരി കമ്മീഷൻ (1964-66) എന്നിവയാണ്.

ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ 1968 ൽ ഒരു ദേശീയ വിദ്യാഭ്യാസനയത്തിനു രൂപം നൽകി. 1968ൽ പുത്തൻ ദേശീയ വിദ്യാഭ്യാസനയം പ്രഖ്യാപിക്കുകയും 1992ൽ ഈ നയത്തിന് പുത്തൻ സാമ്പത്തിക നയത്തിന്റെ പശ്ചാത്തലത്തിൽ ഒരു പരിഷ്കൃതരൂപം നൽകുകയുമുണ്ടായി. ഇതൊക്കെയായിട്ടും ഇന്നും ഗണ്ണാർമിർഡർ അഭിപ്രായപ്പെട്ടതുപോലെ ഇന്ത്യയിൽ നടക്കുന്നത് വിദ്യാഭ്യാസമല്ല, അപവിദ്യാഭ്യാസമാണ്. ബ്രിട്ടീഷ്വാഴ്ചക്കാലത്തെ അതേ ലക്ഷ്യങ്ങളാലും ധാരണകളാലും മൂല്യങ്ങളാലും ഭരിക്കപ്പെടുന്നതാണ് നമ്മുടെ വിദ്യാഭ്യാസം (ആചാര്യരാമമൂർത്തി കമ്മിററി). വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ നേടാൻ ഇന്നത്തെ രീതി തികച്ചും അപര്യാപ്തമാണ്.

പുത്തൻവിദ്യാഭ്യാസപ്രവണത, ആഗോളവൽക്കരണ- ഉദാരവൽക്കരണ- സ്വകാര്യവത്ക്കരണ പശ്ചാത്തലത്തിൽനോക്കിക്കാണാം. അതിനുമുമ്പ് വിദ്യാഭ്യാസ ലക്ഷ്യങ്ങൾ ചിലതുപരിശോധിക്കാം.

1 സാമൂഹിക വികസനത്തിനുതകുന്ന അടിസ്ഥാന സാങ്കേതിക വൈദഗ്ധ്യം ഒരുക്കി സ്വാതന്ത്ര്യവും സ്വാശ്രയത്തോടുകൂടിയതുമായ ഒരു ഇന്ത്യയെ കെട്ടിപ്പടുക്കുക.

2 ഇന്ത്യയുടെ സാംസ്കാരിക പൈതൃകത്തിനും മൂല്യത്തിനും അനുസൃതമായ സാമൂഹികവികസനത്തിനുതകുന്നവിദ്യാഭ്യാസം നൽകുക.

3 ഉൽപാദന പ്രവർത്തനത്തിനു ആവശ്യമായ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിജ്ഞാനവും വൈദഗ്ധ്യവും അറിവിന്റെ വ്യത്യസ്തവും നൂതനവുമായ പഠ

നത്തിനും ഗവേഷണത്തിനും അവസരമൊരുക്കുക.

4. മനുഷ്യന്റെ മാനസിക വളർച്ച ത്വരിതപ്പെടുത്തുകയും സ്വതന്ത്രമായി ജീവിക്കാൻ പ്രാപ്തരാക്കുകയും ഉചിതമായി പ്രതികരിക്കാനുള്ള പ്രത്യുൽപന്നമതിത്വം വളർത്തി അറിവും കഴിവും വളർത്തിയെടുക്കുക.

രാജ്യത്തിന്റെ എല്ലാ തുറകളിലും സമഗ്ര സാമൂഹിക-സാമ്പത്തിക വികസനത്തിനുതകുന്ന രീതിയിൽ മനുഷ്യവിഭവങ്ങൾ സൂക്ഷ്മമായി മുൻകൂട്ടി ആസൂത്രണം ചെയ്യുകയും ഇവ അടിസ്ഥാന വിദ്യാഭ്യാസത്തിൽതുടങ്ങി വൊക്കേഷണൽ സാങ്കേതിക, ഉന്നതവിദ്യാഭ്യാസമേഖലകളിൽ ശാസ്ത്രീയമായി നടപ്പിലാക്കുകയും വേണം. അക്കാദമിക് കമ്മിററികളുടെ നിയന്ത്രണമില്ലാതെ വാണിജ്യലക്ഷ്യത്തോടുകൂടി സ്വകാര്യവ്യക്തികൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മേൽപറഞ്ഞ ലക്ഷ്യം ഉണ്ടോ എന്നുള്ളതാണ് പ്രധാന പ്രശ്നം.

പുത്തൻ സാമ്പത്തിക നയത്തിലൂന്നിയ പരിഷ്കരിച്ച വിദ്യാഭ്യാസ നയത്തിൽ പ്രധാനമായും വിശകലനം ചെയ്യേണ്ടത് സ്വകാര്യവൽകരണമാണ്. ആദ്യമായി സ്വകാര്യവൽക്കരണം വാണിജ്യവൽക്കരണമായി മാറുന്ന അവസ്ഥ വിദ്യാഭ്യാസ മേഖലയിലും ആരോഗ്യസംരക്ഷണ മേഖലയിലും തടയേണ്ടതാണ്. വിദ്യാഭ്യാസ മേഖലയിൽ നിന്ന് ക്രമേണ ഇൻഡ്യാ ഗവൺമെൻറ് പിൻമാറുന്നതായി കാണാം. വിദ്യാഭ്യാസത്തിനുവേണ്ടി ഓരോ പഞ്ചവൽസര പദ്ധതിയിലും വകകൊള്ളിച്ചിരിക്കുന്ന തുക കുറഞ്ഞുവരുന്നതായും കാണാം (പട്ടിക നോക്കുക)

| പദ്ധതികൾ | വിദ്യാഭ്യാസചിലവ് ശതമാനത്തിൽ |
|---|---|
| I | 7.9 |
| II | 5.8 |
| III | 6.9 |
| വാർഷിക പദ്ധതികൾ | 4.9 |
| IV | 5.0 |
| V | 3.2 |
| VI | 2 59 |
| VII | 3.46 |

മൊത്തം പദ്ധതി ചിലവിൽ വിദ്യാഭ്യാസത്തിനുവേണ്ടി വകകൊള്ളിക്കുന്നതുക ഗണ്യമായി കുറഞ്ഞുവരികയാണ്.

1992-ലെ പരിഷ്കരിച്ച പുത്തൻ വിദ്യാഭ്യാസ നയത്തിൽ അംഗീകരിച്ച കാര്യമെങ്കിലും നടപ്പിലാക്കാൻ ഒരു പുരോഗമന സർക്കാർ ബാദ്ധ്യസ്ഥമാണ്. ഇതിൽ പറഞ്ഞിട്ടുള്ള പ്രകാരം ദേശീയ വരുമാനത്തിന്റെ 6% എങ്കിലും വിദ്യാഭ്യാസത്തിനുവേണ്ടി ചെലവിടണം. ഇപ്പോൾ സർക്കാർ ചെലവിടുന്നത് 3.7 ശതമാനം മാത്രമാണ്. അതിൽ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി മാററുന്നത് 80 പൈസ മാത്രം. ഈ കണക്കുവച്ച് പരിശോധിച്ചാൽ ലോക രാഷ്ട്രങ്ങളുടെ പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം 115 ആണ്. മനുഷ്യവിഭവ വികസന സൂചിക അനുസരിച്ച് ഇന്ത്യയുടെ സ്ഥാനം 134 ആണ്. പാക്കിസ്ഥാനും ശ്രീലങ്കയും ഇന്ത്യയേക്കാൾ മുന്നിലാണ്.

വികസിത രാജ്യങ്ങൾ ദേശീയ വരുമാനത്തിന്റെ 6.2% വിദ്യാഭ്യാസത്തിനായി മാററുന്നു. ആഫ്രിക്കൻ രാജ്യങ്ങൾ പോലും 4 9% ചെലവിടുന്നു. (ആചാര്യരാമമൂർത്തി കമ്മിററി റിപ്പോർട്ട്) പല പഠനങ്ങളും സൂചിപ്പിക്കുന്നത് വികസിതരാജ്യങ്ങളുടെ സാമ്പത്തികവളർച്ച ത്വരിതപ്പെടുത്താൻ പ്രധാനകാരണം വിദ്യാഭ്യാസത്തിന് സർക്കാർ തലത്തിൽ നൽകുന്ന വമ്പിച്ച നിക്ഷേപമാണ്. വിദ്യാഭ്യാസത്തിനായി ചെലവാക്കുന്ന ഒരു രൂപയുടെ യഥാർത്ഥ മൂല്യവും വരുമാനവും ഒരു രൂപ മററു മേഖലകളിൽ ചെലവാകുന്നതിനേക്കാൾ എത്രയോ ഇരട്ടിയാണ്. മനുഷ്യവിഭവ സമാഹരണത്തിന്റെ പ്രാധാന്യം ഇനിയും സർക്കാർ പൂർണ്ണമായി ഗ്രഹിച്ചിട്ടില്ല. ഒരു വിദ്യാർത്ഥിക്കു നാം ചെലവാക്കുന്നതിന്റെ 30 ഉം 40 ഉം ഇരട്ടിയാണ് വികസിത രാജ്യങ്ങൾ ചെലവിടുന്നത്. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ മൊത്തം മുതൽമുടക്ക് വർദ്ധിപ്പിക്കണം.

ഇന്ന് ഏററവും ചർച്ച ചെയ്യപ്പെടുന്നത് വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള വിഭവസമാഹരണവും വിഭവവിനിയോഗവുമാണ്. ഗുണഭോക്താക്കൾ (ഉപഭോക്താക്കൾഅതായത് വിദ്യാർത്ഥികൾ) ചെലവ് പൂർണ്ണമായോ ഭാഗി

കമായോ വഹിക്കണം എന്നാണ് പക്ഷം. ഉപഭോക്താക്കളിൽ നിന്ന് ചിലവ് ഈടാക്കുക എന്ന തത്വം ഇംഗ്ലണ്ടിലെ ''റോബിൻസ് കമ്മിററി''യുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ്. പ്രഥമ, ദ്വിതീയ ഗുണഭോക്താക്കളായ വിദ്യാർത്ഥികളിൽനിന്നും സമൂഹത്തിൽ നിന്നും വിദ്യാഭ്യാസത്തിനുവേണ്ട അധികചിലവ് കണ്ടെത്തുക. പക്ഷേ ഇംഗ്ലണ്ടിൽ സർക്കാർ മുടക്ക് ഗണ്യമായി നിലനിർത്തികൊണ്ടാണ് ഗുണഭോക്താക്കളായ വിദ്യാർത്ഥികളിൽ നിന്നും ചെറിയൊരംശം ചെലവായി ഈടാക്കുന്നത്.

ദണ്ഡേക്കറിന്റെ (1991) കണക്ക് പ്രകാരം ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി ചിലവാക്കുന്ന തുക 4000 കോടി രൂപയാണ്. അതായത് ഒരു വിദ്യാർത്ഥിക്ക് വേണ്ടിവരുന്ന ചെലവ് വർഷത്തിൽ 10,000 രൂപ. ഇന്നിപ്പോൾ ഐ. ഐ. ററി. പോലുള്ള സ്ഥാപനങ്ങളിൽ ഒരു വിദ്യാർത്ഥിക്കു വേണ്ടി ശരാശരി 3 ലക്ഷം രൂപയും യൂണിവേഴ്സിററികളിൽ 25,000 രൂപയും കോളേജുകളിൽ 6000 രൂപയും ചെലവു വരുന്നു. ചെലവ് പൂർണ്ണമായും പ്രഥമ ഉപഭോക്താവിൽ നിന്ന് ഈടാക്കിയാൽ കൊടുക്കേണ്ട ഫീസ് എത്ര ഭീമമാണെന്നു നോക്കുക. വികസിത മുതലാളിത്ത രാജ്യങ്ങളിൽപോലും വിദ്യാഭ്യാസം പൂർണ്ണമായി സെൽഫ് ഫിനാൻസിങ് അല്ല എന്ന് ജസ്ററിസ് ഡോ. പുന്നയ്യ കമ്മിററി റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ട്. അമേരിക്ക ദേശീയ വരുമാനത്തിന്റെ 6.8%വും ഫ്രാൻസ് 5.4%വും ഇംഗ്ലണ്ട് 5.0% വും ചെലവിടുമ്പോൾ വികസ്വര രാജ്യങ്ങളായ ബ്രസിൽ 4.5% വും ഈജിപ്ററ് 5.9% വും ചെലവിടുന്നതായി കാണാം.

വിദ്യാഭ്യാസ മേഖലയിൽ നിന്ന് സർക്കാർ ക്രമേണ പിൻവാങ്ങിയാൽ ഇത് സാമൂഹ്യവൽക്കരണത്തിന് ഏററവും വലിയ തിരിച്ചടിയായിരിക്കും. യു. ജി. സി. പോലും ഓരോ വിദ്യാർത്ഥിക്കും വേണ്ടി വരുന്ന ചെലവ് (യൂണിററ് കോസ്ററ്) കണക്കാക്കുന്ന പ്രക്രിയയിലാണ്. ഈ ചെലവ് പ്രവേശനത്തെ പരിമിതപ്പെടുത്തുന്ന തോതിലായിക്കൂടാ. ചെലവ് വഹിക്കാനുള്ള കഴിവ് പ്രവേശനത്തിന് മാനദണ്ഡമായി മാറുന്ന കാഴ്ച തികച്ചും ദയനീയമാണ്. ഉന്നത വിദ്യാഭ്യാസം സമ്പന്നർക്കായി സംവരണം ചെയ്യുന്ന പ്രവണത ഭാവിയിൽ ജോലിയും ഈ വർഗ്ഗത്തിനു മാത്രമായി പരിമിതപ്പെടുത്തുന്നതിന് തുല്യമായിരിക്കും. സ്വാശ്രയ കോഴ്സുകളുടെ പ്രവേശനം വീക്ഷിച്ചാൽ സമ്പന്നർക്ക് കടന്ന് കയറാൻ രണ്ട് വാതിലുകൾ (മെറിററ് അല്ലെങ്കിൽ പെയ്മെൻറ്) ഉള്ളപ്പോൾ പാവപ്പെട്ടവർക്ക് ഒററ വാതിൽ (മെറിററ്) മാത്രമേ ഉള്ളൂ എന്നു കാണാം. ഇത് തികച്ചും വിവേചനപരമാണ്. വിദേശത്തുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാതൃകയിൽ പ്രവേശനം മൊത്തമായും മെറിററ് അടിസ്ഥാനത്തിൽ നടത്തിയതിനു ശേഷം കഴിവിന്റെ അടിസ്ഥാനത്തിൽ (Ability to pay) ഫീസ് ഈടാക്കണം. 1993-ൽ ദില്ലിയിൽ നടന്ന വിദ്യാഭ്യാസ ഉച്ചകോടിയിൽ അംഗീകരിച്ചതുപ്രകാരം ദേശീയ വരുമാനത്തിന്റെ 6% വിദ്യാഭ്യാസത്തിന് എന്ന ലക്ഷ്യം നേടിയതിനുശേഷം മാത്രമായിരിക്കണം ഗുണഭോക്താക്കളിൽ നിന്ന് അധിക ചെലവ് (വിദ്യാർത്ഥികൾ - വ്യവസായികൾ - സേവനമേഖലകൾ - സമൂഹം) ഈടാക്കാവൂ.

പലിശ ഇല്ലാതെ വായ്പ നൽകുക, ലോൺസ്കോളർഷിപ്പ് അനുവദിക്കുക, വിദ്യാഭ്യാസ വികസന ബാങ്ക് സ്ഥാപിക്കുക, മററ് ഗുണഭോക്താക്കളായ വ്യവസായ-സേവന മേഖലകളെ സഹകരിപ്പിക്കുക എന്നീ നയങ്ങൾ നല്ലതാണ്. പക്ഷേ ഇത് സർക്കാർ ചെലവ് കുറച്ചുകൊണ്ടായിരിക്കരുത്. മറിച്ച് സർക്കാരിന്റെ സജീവ സാന്നിദ്ധ്യവും 6% നിക്ഷേപവും നിലനിർത്തികൊണ്ടായിരിക്കണം.

ആഗോളവൽക്കരണത്തിന്റെ ആനുകൂല്യം കരസ്ഥമാക്കുന്നതിനുപകരം വിലപിടിപ്പുള്ള തലച്ചോറുകളുടെ വിദേശത്തേക്കുള്ള അനിയന്ത്രിതമായ പോക്ക് (Brain drain) നിയന്ത്രിക്കേണ്ടിയിരിക്കുന്നു. ചോദനപ്രധാന സിദ്ധാന്തമനുസരിച്ച് ആവശ്യമുള്ള സാങ്കേതിക വിദഗ്ദ്ധരെ വാർത്തെടുക്കാൻ മുൻകൂട്ടി ആസൂത്രണം ചെയ്യണം. വിദ്യാഭ്യാസ ഘടനയും തൊഴിൽ ഘടനയും തമ്മിൽ പൊരുത്തക്കേട് ഉണ്ടാകാൻ പാടില്ല. വ്യവസായത്തിൽ 11% ഉം കൃഷിയിൽ 5% ഉം ജോലിയെടുക്കുമ്പോൾ 84% പേർ സേവനമേഖലയിലാണ് പണിയെടുക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അമിത പ്രാധാന്യത്തിന്റെ ദോഷം അസോസിയേ

ഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസിന്റെ (എ. ഐ. യു.) പ്രസിഡന്റ് പ്രൊഫ. എ. ജ്ഞാനം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അൺഎയ്ഡഡ് സ്വാശ്രയ കോളേജുകൾക്ക് ഗുണപരമായ ഈ മാറ്റം നടപ്പിലാക്കുവാൻ എത്രമാത്രം പറ്റും എന്ന കാര്യം നാം ഗഹനമായി ചിന്തിക്കേണ്ടതാണ്.

എണ്ണത്തിന്റെ കാര്യത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്ത്യയിൽ കുറവല്ല. ഏറ്റവും പുതിയ കണക്കുപ്രകാരം ഇന്ത്യയിൽ 228 യൂണിവേഴ്സിറ്റികളും 8600 കോളേജുകളും 60 ലക്ഷം വിദ്യാർത്ഥികളും 1.6 ലക്ഷം സാങ്കേതിക വിദ്യാർത്ഥികളുമുണ്ട്. പക്ഷേ ഇതിൽ പകുതിയിലധികം സ്ഥാപനങ്ങളും അക്കാദമിക് നിലവാരം ഒന്നും പുലർത്തുന്നില്ല. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ധനസഹായത്തിനുപോലും അർഹത നേടാൻ പലതിനും കഴിഞ്ഞിട്ടില്ല. ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ 33% ധനസഹായം വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കാം വിതരണം ചെയ്യുക. കേരളത്തിലെയും സ്ഥിതി വ്യത്യസ്തമല്ല. വിദ്യാഭ്യാസത്തിന്റെ ഗുണപരമായ മേന്മ ഉയർത്തുന്നതിന് യു. ജി. സി. പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ഇവ നടപ്പിലാക്കുന്നതിൽ നാം ഇന്നും ശ്രദ്ധിച്ചിട്ടില്ല. അതേസമയം യു. ജി. സി. ഉയർത്തിക്കൊണ്ടുവരുന്ന ആട്ടോണമസ് (സ്വയംഭരണ) കോളേജുകൾ സ്ഥാപിക്കാനുള്ള അന്തരീക്ഷം കേരളത്തിൽ ഉരുത്തിരിഞ്ഞുവന്നിട്ടില്ല. ഐ. ഐ. റ്റി. യുടെ മാതൃകയിൽ ആട്ടോണമസ് കോളേജുകൾ വരുന്നത് നല്ലതാണ്. നിലവിലുള്ള 180 സ്വയംഭരണ കോളേജുകളിൽ ഭൂരിപക്ഷം കോളേജുകളുടേയും പ്രവർത്തനം തൃപ്തികരമല്ല.

ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ധാരാളം കാര്യങ്ങൾ സംസ്ഥാനസർക്കാരുകൾക്കും ചെയ്യാം. അടിസ്ഥാനകാര്യങ്ങൾ പോലും ഇല്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകിയ അംഗീകാരം യൂണിവേഴ്സിറ്റികളും ബന്ധപ്പെട്ട സ്ഥാപനങ്ങളും പുനഃപരിശോധിക്കണം. ദേശീയനിലവാരവും അന്താരാഷ്ട്ര നിലവാരവുമുള്ള സ്ഥാപനങ്ങൾക്കേ അംഗീകാരം നൽകാവൂ. ജറാട്ട് കമ്മറ്റി (1985) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർച്ചയായ അക്രഡിറ്റേഷൻ വ്യവസ്ഥ കൊണ്ടുവരണം. അക്കാദമിക് വിലയിരുത്തലുകൾ സമർത്ഥവും നിഷ്പക്ഷവുമായിരിക്കണം. മഹാരാഷ്ട്ര സർക്കാർ ഈ അടുത്തകാലത്ത് സ്കൂളുകളെ എ, ബി, സി, ഡി, ഇ എന്നീ അഞ്ചു ഗ്രേഡുകളായി തരംതിരിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ നമുക്കും ഈ മാതൃക പിൻതുടരാം. 'ഡി' യും 'ഇ' യും ഗ്രേഡ് ഉള്ള സ്ഥാപനങ്ങളിലെ ജീവനക്കാരും മാനേജ്മെന്റും നിലനില്പിനുവേണ്ടി ഗുണമേന്മ വർദ്ധിപ്പിക്കാൻ നിർബന്ധിതരാകും. അദ്ധ്യാപകരുടെ മേന്മ അഖിലേന്ത്യാതലത്തിൽ തന്നെ തീരുമാനിക്കണം. യു. ജി. സി. യുടെ National Eligibility Test നുപകരമായി കേരള സർക്കാർ ഏർപ്പെടുത്തിയ S.E.T. (State Eligibility Test) നിർത്തലാക്കണം.

ഗവേഷണ മേഖല പരിശോധിച്ചാൽ സ്ഥിതി തികച്ചും ദയനീയമാണ്. നോബൽ സമ്മാനം സ്ഥിരമായി കരസ്ഥമാക്കുന്ന അമേരിക്കയിൽ ഗവേഷണവിഷയം തിരഞ്ഞെടുക്കുവാൻ ഗവേഷകർക്ക് സ്വാതന്ത്ര്യം ഇല്ല. ഗവേഷണം നടത്തേണ്ട മേഖലകൾ വിദഗ്ദ്ധ സമിതികൾ തിരിച്ചറിഞ്ഞതിനുശേഷം ആ മേഖലയിൽ വൈദഗ്ദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ ഗവേഷണം നടത്താൻ ആവശ്യപ്പെടും. ഇവിടത്തെ സ്ഥിതി സൗകര്യപ്രദമായ മേഖല കണ്ടെത്തി വിരസമായ ആവർത്തന ഗവേഷണം നടത്തി സായൂജ്യമടയും. അതുകൊണ്ടാണ് ഗവേഷണ പ്രബന്ധങ്ങൾ ഒരു ദേശീയ നഷ്ടമായി കലാശിക്കുന്നത്. ഗവേഷണത്തിനുവേണ്ടി ചെലവാക്കുന്ന ഒരു രൂപയുടെ ഫലമായി ഇറക്കുമതിക്കുവേണ്ടി ചെലവാക്കുന്ന പത്തു രൂപ ഭാവിയിൽ ലാഭിക്കാൻ നമുക്കു കഴിയണം. ഗവേഷണത്തിന്റെ ഫലമായി അമേരിക്കൻ യൂണിവേഴ്സിറ്റികൾ മാത്രം വർഷത്തിൽ 800 പേറ്റന്റ് (patents) വില്ക്കുന്നുണ്ടത്രേ.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്ക് കടക്കുന്ന ഇന്ത്യ ഒരു പുത്തൻ കാഴ്ചപ്പാടോടുകൂടി സമഗ്രമായ മാറ്റങ്ങൾ വിദ്യാഭ്യാസരംഗത്ത് വരുത്തേണ്ടതാണ്. കരിക്കുലത്തിൽ സമഗ്രമായ മാറ്റം വരുത്തി ഗുണമേന്മ ഉറപ്പുവരുത്തണം. അതിന്റെ മുന്നോടിയായി

# Restructuring of Syllabus for English Language Teaching at the undergraduate level

Prof. G. Prabhakaran Nair
S. V. R. N. S. S. College, Vazhoor

## Rationale :

The Syllabus for teaching English Language and Literature at the undergraduate level is out dated. To suit the needs of the present day learners of English, the syllabus has to be redesigned. This must include areas of knowledge which would be of use to the learner in his day-to-day business.

The argument that a learner of English might have developed enough skills in communication in a complex language like English as he completes his 10th Class is haphazard. Learning a foreign language is an intellectual task. The ability for acquisition of skills in English remains undeveloped at this level. Since the pressure of other subjects on an average learner at the secondary level is more than what his counterpart of yester year experienced, he would naturally not have enough energy and resources to spare for English. The expected terminal behaviour of a learner of English at this secondary level is below the competance needed for effective communication. His knowledge of the English Language remains fragmentary at this stage. Students from English Medium Schools might have developed better skills. Since the majority lies outside this category, this section of students lie outside our concern.

Though learning is a continuous process there is a limit to carricular study of this language. This limit, however, is applicable to other disciplines as well. At the undergraduate level a rigorous course in English will help the student cope with awaiting circumstances.

Communication in English has become imperative for the Keralites who depend on other lands for their livelihood. Apart from playing the role of a link language, English opens up job opportunities in areas such as mass communication, jour-

---

പ്രീ-ഡിഗ്രി കോളേജുകളിൽ നിന്നും വിഘടിപ്പിക്കാൻ ഒരു സമയബന്ധിത പരിപാടി നടപ്പിലാക്കണം. ഇതിനോടൊപ്പം ഉന്നത വിദ്യാഭ്യാസ മേഖലയിലുള്ള അനിയന്ത്രിതമായ തള്ളിക്കയറ്റം അവസാനിപ്പിക്കണം. വിദൂര വിദ്യാഭ്യാസം, അനൗപചാരിക വിദ്യാഭ്യാസം എന്നിവ ഓപ്പൺ യൂണിവേഴ്സിറ്റി മുഖേന വികസിപ്പിക്കണം. ആഗോളവൽക്കരണവും ഉദാരവൽക്കരണവും അന്തരാഷ്ട്ര നിലവാരവുമായി മത്സരിക്കാനുള്ള ഒരു പ്രചോദനമായി മാറണം. അതിനുവേണ്ടി വിദ്യാഭ്യാസത്തെ കുറിച്ച് വായിക്കുകയും ചിന്തിക്കുകയും പ്രബന്ധങ്ങൾ രചിക്കുകയും ചെയ്യുന്നവരെ മാത്രം ഉൾപ്പെടുത്തി അക്കാദമിക് കമ്മിറ്റികളും മറ്റും പുനഃസംഘടിപ്പിക്കണം. എങ്കിൽ മാത്രമേ ഗണപരവും ഗുണപരവുമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുകയുള്ളൂ. ○

# ENGLISH FOR B. A., B. Sc , B. Com.

## Course Outline and Teaching hours per week

| Paper | Title | Hours per week |
|---|---|---|
| PAPER I | Communicative English Topics | |
| | 1. Spoken Communication - Language Laboratory for a group of 20 students (A specially equipped class-room with recording and play-back facilities, which provides with means of listening and responding to speech in English) | 2 |
| | 2. Content Vocabulary<br>3. Functional Vocabulary | 2 |
| | 4. Modern English usage | |
| | 5. Use and abuse<br>6. Tenses and Errors<br>7. Structural Errors<br>8. Antonymy and Synonymy | 2 |
| | 9. Style and the English language<br>10. Written communication and Translation | 2 |
| PAPER II | LITERARY APPRECIATION | |
| | 1. An anthology of prose essays with analytical study of the texts | 3 |
| | 2. A book containing (a) four important scenes from the plays of playwrights like Shakespeare, Bernard Shaw, Ibsen and Chekhov.<br>(b) Five English Poems from representative ages | 1 |
| PAPER III | CREATIVE COMMUNICATION | |
| | Language of advertising<br>Language of journalism | 1 |
| | Business communication<br>Scientific and Legal Discourse | 1 |
| PAPER III (Optional) | Creative Writing | |
| | Writing for Media<br>Feature Writing | 1 |
| | Short Story Writing<br>Editing | 1 |

nalism and advertising; thus the need for restructuring the English Curriculum.

The traditional approach to courses in science and humanities is gradually losing relevance. Needless to say, such courses also require thorough restructuring. Here the importance of the inter-disciplinary approach is apparent. And in such an approach the study of the subtle aspects of the English language that would help an individual in real situations has an important place. Therefore the undergraduates of all disciplines must have three compulsory papers in English. The following is an outline of a course of study,

In three subject system one of the subjects taught must be English in which case Paper III, Creative Communication / Creative Writing shall be taught in the third year.

In the existing system the classes are over crowded with more than 75 students (75 + marginal) in a batch. Such a class is too large for effective teaching. Therefore the student strength per batch must be brought down to 40 if teaching English is to be of any use.

For language laboratory there must be a specially equipped class-room (a set of booths containing recording and play-back facilities capable of being monitered at a central console) which provides students with means of listening and responding instantly to utterances made in English. The student strength in this case must be 20 per batch.

BOOKS: 1. Text books for communicative English and Creative Communication / Creative Writing have to be prepared in consultation with the C. I. E. F. L., Hyderabad.

2. A prose anthology (Covering topics such as humanism, fiction, aesthetics, dangers of mass culture, population and environment).

3. A book containing important scenes from four famous plays by four famous authors and five English poems from representative ages.

## പ്രൊഫ. ആർ. സുന്ദരേശൻനായർ അനുസ്മരണം

ചെമ്പഴന്തി എസ്. എൻ. കോളേജ് എകെപിസിടിഎ ബ്രാഞ്ചിന്റെ ആഭിമുഖ്യത്തിൽ പ്രൊഫ. ആർ. സുന്ദരേശൻനായരുടെ രണ്ടാംചരമവാർഷികം ആചരിച്ചു. പൊതുരംഗത്തും സംഘടനാരംഗത്തും നേതൃസ്ഥാനത്ത് നിറഞ്ഞുനിന്നിരുന്ന അദ്ദേഹം കോളേജധ്യാപകരുടെ സേവന-വേതനരംഗത്ത് നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. പ്രൊഫ. എൽ. ജി. വർഗീസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രൊഫ. എസ്. ശിവൻ അനുസ്മരണപ്രസംഗം നടത്തി.

# RESTRUCTURING OF P. G COURSE-ABSTRACT OF A NEW PROPOSAL

R. P, REMANAN,
Dept. of Politics, D, B. College, Thàlayolaparambu.

In response to the article published in the Journal and the Government's new policy of restructuring conventional courses to make them job-oriented at degree and post-graduate levels a proposal for new course "M.A. IN POLITICAL JOURNALISM" is proposed. It is hoped that this would suit the changed conditions and circumstances which call for a reorientation of the existing course. As per the Guidelines of U.G.C. an interdisciplinary approach for the study of Journalism in a Political perspective is adopted. A course of this kind has a special attention because political reporting has become an important aspect of the mass media. The main objectives of this course are:

* to produce professionals able to work in mass media organizations like the press, T. V., Radio.
* to train the youth who seek job as PROs in various organisations.
* to create better understanding of the role of mass media in the society.

In this scheme of M. A. Political Journalism course there will be seven compulsory papers and two optional papers.

The pattern is:

| | |
|---|---|
| Seven Compulsory papers | 700 Marks |
| Two optional papers | 200 Marks |
| Viva voce | 100 Marks |
| Total | 1000 Marks |

Syllabus

The seven compulsory papers will be:

1 Political ideas of Great Thinkers
[Plato, Aristotle, Kautilya, Machiavelli Hobber, Locke, Montesquie, Rousseau, Hegal, Marx, Burke, Laski, Vivekananda Aurabindo, Mahatma Gandhi, Mao]

2 Political Analysis
[Introduction to political science approaches, Modern Political theory, Models, Politics and Society, Elite theory, Political Modernisation, Political Development]

3 Indian Constitution and Media Rules
[Background of the Constitution, Philosophy, Salient features, Political Mechanism, Legislature, Judiciary, Theories and Realities of Freedom of press, Constitutional foundations of the press, Exceptions to the Freedom of the press, Right to know, Various acts relating to the press and other Media, Rights, Duties and Liabilities of Proprietor, Printer, Publisher, Editor Author, Journalist, Contributor and Vendor and Relevant committee Reports]

4. Introduction to Journalism and Mass Communication.
(Nature and scope of Journalism, Fundamental principles, Code of Ethics, Malayalam Journalism, Principles of Mass Communication and Theories).

5 Political communication
[Nature of politics and Society, political parties, Public opinion, Political

Behaviour, Role of mass media in society, Human communication role of mass communication in National development and society]

6 News reporting, writing and editing. (Qualities of a good writer, sources of news, Principles of News Writing, Lead and Body, News value and Lead writing, Investigative Reporting, Inter viewing, Elections Politics, Government activities, Reporting, Legislative Reporting etc.)

7 Advertising and public relations. (Origin and development of PR, Propaganda and publicity. public opinion in PR. PR Functions, characteristics and qualifications. of PR personnel, organisational set up of PR Departments PR Counselling, Press Relations. PR tools, code and Ethics relations.)

LIST OF OPTIONAL PAPERS

(Candidates are to select two optional papers)

1 Political parties and pressure Groups
2 Public Administration and Mass communications.
3 Development Administration and Development communication.
4 Press and politics before and after Indian Independence.
5 Public opinion and the press.
6 Political behaviour and public opinion
7 Systems of politics and communications in SAARC Countries.
8 International Administration and world Media.
9 Fundamentals of Radio/TV/Film.
10 Elements of Production Techniques-Radio/TV/Film.
11 Green Politics.
12 Printing Production and Management.

This is only an abstract of the scheme and syllabus of the proposed course. Course contents of the optional papers are not furnished.

The course is under the faculty of political Science and the specialised papers related to Journalism are to be handled by Lecturers in Journalism.

## പാവനാത്മാ കോളേജിൽ ബ്രാഞ്ച് ഉത്ഘാടനം ചെയ്തു

കോട്ടയം ജില്ലയിലെ 22-ാമത് ബ്രാഞ്ച് മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ പ്രവർത്തനം ആരംഭിച്ചു. 12 അധ്യാപകർ സംഘടനയിൽ അംഗത്വം സ്വീകരിച്ചു. ആംറപ്പ് ഗ്രേടങ്ങ് സെബാസ്റ്റ്യനാണ് ബ്രാഞ്ച് സെക്രട്ടറി. ജില്ലാപ്രസിഡന്റ് വി. എൽ. ആന്റണി, സെക്രട്ടറി എം. ജി. ഗോപാലകൃഷ്ണൻ നായർ, തോമസ് വർഗീസ് എന്നിവർ ബ്രാഞ്ച് സന്ദർശിക്കുകയും സംഘടനാകാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു.

# സംസ്ഥാന സർക്കാരുമായി എകെപിസിടിഎ നടത്തിയ ചർച്ചയുടെ മിനിട്സ്

GOVERNMENT OF KERALA

Higher Education (C) Dept,
Thiruvananthapuram, Dated : 23—9—1996.

No. 16566/C3/96/H.Edn.

From

The Principal Secretary

To

The Director of Collegiate Education,
Thiruvananthapuram.

Sir,

Sub: Minutes of the Meeting held by the Principal Secretary on 10—7—96 and 23—7—96—Follow-up action - Reg-

I am directed to forward herewith a copy of the Minutes of the meeting held by the Principal Secretary, Higher Education on 10—7—96 and 23—7—96 for follow-up action.

Yours faithfully,

J. VIJAYALEKSHMI AMMA,
Under Secretary,
For Principal Secretary.

Copy to: The General Secretary,
All Kerala Private College Teachers' Association,
Thiruvananthapuram.
The Higher Education (A/B/C/D/E/F/G/H/J/K)
Dept. for further action on the subjects pertaining to them.



## കെ. സദാശിവന് ഡോക്ടറേററ്

ശാസ്താംകോട്ട ദേവസ്വംബോർഡ് കോളേജിലെ ഹിസ്റ്ററി വിഭാഗം അധ്യാപകനായ ശ്രീ.കെ. സദാശിവന് കേരള സർവകലാശാല Ph. D. ബിരുദം നല്കി. കേരളസർവകലാശാല ഹിസ്റ്ററി വിഭാഗം മേധാവി ഡോ. കെ കെ. കുസുമന്റെ മേൽനോട്ടത്തിലാണ് ഗവേഷണം നടത്തിയത്. സംഘടനയുടെ സജീവ പ്രവർത്തകനായ അദ്ദേഹം ബ്രാഞ്ച് വൈസ് പ്രസിഡന്റാണ്.

ഡോ. കെ.സദാശിവന് എകെപിസിടിഎയുടെ അനുമോദനങ്ങൾ.

## Minutes of the meeting held by Principal Secretary Higher Education Department with the Office-Bearers of All Kerala Private College Teacher's Association on 10-7-96 & 23-7-96

The following points were discussed :-

### 1. Provident Fund

A separate P.F. Register will be maintained for P. F. Accounts in all College Offices, D. D. Office and D. C. E's office. Format of register should be prepared by the Director of Collegiate Education. Provisional credit cards should be issued with available deposits showing missing credits. Photocopies of the missing credit bills attested by the Principals concerned with their reports will be forwarded to Director of Collegiate Education in respect of retired persons. Computerised statement of accounts will be maintained in all Colleges. P. F. N. R. A. applications may be forwarded to the Director of Collegiate Education directly by the Principals concerned. In resoect of application for P. F. loan with U. G. C. arrears the Principals should forward attested photo copies of bills crediting the arrears. Necessary instructions in this regard will be issued by Director of Collegiate Education.

Regarding extension of delegation of powers of the Principals of Government Colleges for sanctioning temporary P. F. advance to the Principals of Private Colleges also the Director of Collegiate Education will forward concrete proposals to Government.

### 2. Pension

Pension should be disbursed at least within three months from the date of retirement. In cases where this is not done statement be prepared by Deputy Directors and action finalised quickly. Service book should be the basic document. In doubtful cases intensive verification should be done by Deputy Director concerned. Director of Collegiate Education should send a periodical statement of pension cases to Government. Government will make a review of the cases.

It was also decided that the Audit party of Deputy Directorate of Collegiate Education while conducting Audit in a Private College shall verify the Service Books of Teachers/Non-Teaching Staff and record a service verification Certificate in each Service book.

### 3. Disbursal of Salary

A system of pay slips for private college staff will be introduced. Directo of collegiate Education wiil send necessary proposals to Government. It was decided to consider entrusting the work of keeping accounts/details in respect of teaching staff with the Accountant General.

### 4. Exemption from Attending Refresher Courses

The question of extending the exemption from attending Refresher Courses will be considered on getting proposals from D. C. E. Conducting of more Refresher Courses will be examined in consultation with the Universities.

**5. Redes ignation Lecturer (Selection Grade) Possessing Ph.D. Degree As Readers**

This will be examined with reference to the Hight Court Judgment.

**6. Extension of benefit of UGC Scale to Teachers Regularised After 13-3-90.**

The question of extension of benefit of UGC Scheme/Scale to teachers regularised after 13-3-90 is under consideration of Government.

**7. Second Post in Physical Education**

The matter is under consideration of Government. U. G. C. norms awaited.

**8. Identification of Post After 1-11-1984.**

Action will be pursued by D. C. E.

**9. Additional Post for 6 Hours or Less**

This will be examined in detail in consulattion with Director of Collegiate Education and Universities.

**10. Exemption from Passing N. E. T**

This question of giving permanent exemption to those reappointed after 13-3-90 may be considered in consultation with DCE/UGC. Temporary exemption for one year will be given on getting proposal from DCE.

11 Eiigible Leave for Centralised Valuation Camp

This will be examined. DCE maysend proposals

12 L. W. A. Pr ior to 14-6-85 Reckoning as Qualifying Service for Calculating Pension.

Government issued necessary clarification on this. Futher clarirication, if any may be refered to Government

**13 Junior getting higher pay than Senior:**

General orders already issued. Indlvidual cases if any may be referred to Government.

**14 Study leave for teachers**

As a policy, study leave is not being given. Granting of leave for study purpose for 2 years in the whole service may be examined.

**15 New courses**

This has to be examined in consultation with the DCE and Universities

**16 P F Temporary advance ceiling**

This has to be examined in consultation with Finance Dept. D C E will send fresh necessary proposals in this regard.

**17** Regarding the fixation after placement it was decided to have a declaration signed by the concerned regarding the willingness to refund excess drawn if any by way of fixation.

## APPENDIX

**I Government representatives**

1 Shri V. P. Joy,
Director of Collegiate Education
Thiruvananthapuram

2 Shri K. Padmanabha Sarma,
Additional Director of Collegiate Education

3 Shri K. A. Kuttan,
Additional Secretary
Higher Education Dept

4 Smt J. Vijayalekshmi Amma
Under Secretary
Higher Education (C) Dept

5 Shri K. R Madhusoodanan Nair,
Under Secretary
Higher Education (F) Dept

## II Representatives of Association

1 Shri S. Viswanathan,
(President, AKPCTA)
Head, Department of English
S.N. College, Chempazhanthi

2 Shri K. P. Divakaran Nair,
(General Secretary AKPCTA)
V. T. M. N. S S. College
Dhanuvachapuram

3 Shr. R. Mohana Kumar'
(Secretary AKPCTA)
Lecturer (S S) in Chemistry
S N College, Varkala

4 Shri TN Raman Pillai,
(Member, Syndicate
Kerala University)
V T M NSS College
Dhanuvachapuram □

*With best wishes from*

**MOHAN'S COLLEGE**

**KOTTAYAM-686 001**

Phone : 566880 (O)
566180 (R)

# കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ആഫീസുകൾക്ക് മുമ്പിൽ അദ്ധ്യാപകർ ധർണ നടത്തി

ശമ്പളബില്, കുടിശ്ശികബില്, പി. എഫ്. ലോൺ എന്നിവ പാസാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുക, അദ്ധ്യാപകർക്ക് പി. എഫ്. ക്രെഡിററ് കാർഡുകൾനല്കുക, അക്കാദമിക് കാര്യങ്ങളിൽ ബ്യൂറോക്രസിയുടെ ഇടപെടൽ അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് എ കെ പി സി ടി എ സംസ്ഥാന കമ്മിററിയുടെ നേതൃത്വത്തിൽ കൊല്ലം, കോട്ടയം എറണാകുളം, തൃശൂർ, കോഴിക്കോട് ഡെപ്യൂട്ടി ഡി. സി. ഇ ഓഫീസുകൾക്ക് മുമ്പിൽ കോളേജധ്യാപകർ ധർണ നടത്തി. കൊല്ലത്ത് ധർണ എൻ. ജി. ഒ. യൂണിയൻ സംസ്ഥാന പ്രസിഡൻറ് സ. വരദരാജൻ ഉദ്ഘാടനം ചെയ്തു. എ കെ പി സി ടി എ സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ. കെ. പി. ദിവാകരൻ നായർ, സംസ്ഥാന പ്രസിഡൻറ് പ്രൊഫ. എസ്. വിശ്വനാഥൻ, മേഖലാ സെക്രട്ടറി പ്രൊഫ. ആർ മോഹൻകുമാർ, കേരള സർവകലാശാല സിണ്ടിക്കേററ് അംഗം പ്രൊഫ. ടി എൻ രാമൻപിള്ള, കെ ജി ഒ എ സംസ്ഥാന കമ്മിററി അംഗം സ. സദാശിവൻ, ബെഫി ജില്ലാ സെക്രട്ടറി സ. മോഹൻ കുമാർ. കെ എസ് ആർ ടി എംപ്ലോയീസ് അസോസിയേഷൻ ജില്ലാ സെക്രട്ടറി സ. ഗോപാലകൃഷ്ണൻ നായർ, കെ എസ് ടി എ ജില്ലാസെക്രട്ടറി സ. ജോൺ ഫിലിപ്പ് തുടങ്ങിയവർ ധർണയെ അഭിസംബോധന ചെയ്തു സംസാരിച്ചു. ജില്ലാപ്രസിഡൻറ് പ്രൊഫ. ജെ. വി. പണിക്കർ സ്വാഗതം പറഞ്ഞു. ജില്ലാസെക്രട്ടറി പ്രൊഫ. കെ. വിജയധരൻ കൃതജ്ഞത രേഖപ്പെടുത്തി.

കോട്ടയത്ത് ധർണ കെ എസ് ടി എ ജില്ലാ സെക്രട്ടറി സ. സി പി പുരുഷോത്തമൻ ഉദ്ഘാടനം ചെയ്തു എൻ ജി ഒ യൂണിയൻ നേതാവ് അനിൽ കുമാർ, ചന്ദ്രമോഹനൻ (എ കെ ജി സി ടി.) മോഹൻ കുര്യൻ, പി. രവീന്ദ്രനാഥ്, ടികെ ജി നായർ, കെ. സദാശിവൻ നായർ തുടങ്ങിയവർ പ്രസംഗിച്ചു.

എറണാകുളത്ത്, കൊച്ചിൻ മേയർ കെ. കെ. സോമസുന്ദരപണിക്കർ ഉദ്ഘാടനം ചെയ്ത ധർണയ്ക്ക് പ്രൊഫ. വി. പി. ശിവശങ്കരൻനായർ, പ്രൊഫ. എം. എ. ജോൺ, പ്രൊഫ എ. രാജപ്പൻനായർ എന്നിവർ നേതൃത്വം നൽകി. ധർണയെ അഭിസംബോധന ചെയ്തുകൊണ്ട് ടി. എസ്. നാരായണൻ (കെ എസ് ടി എ) പി എച്ച് എൻ ഇസ്മായിൽ (എൻ ജി ഒ യൂണിയൻ) ഓച്ചിറ മുരളി (കെ എം സി എസ് യു), പ്രൊഫ. ജോയ് കുളവേലിൽ (എ കെ പി സി ടി എ) പ്രൊഫ വി ആർ അയ്യപ്പൻപിള്ള (എകെജിസിടി, എൻ ബ്രനേഷ് (എം ജി യൂണി. യൂണിയൻ ചെയർമാൻ) എന്നിവർ സംസാരിച്ചു. വി സി ആൻറണി സ്വാഗതവും എസ് ഗോപിനാഥപിള്ള കൃതജ്ഞതയും രേഖപ്പെടുത്തി. □

## വി. ആശയ്ക്ക് ഡോക്ടറേററ്

ചങ്ങനാശ്ശേരി എൻ. എസ്. എസ്. ഹിന്ദുകോളേജ് പൊളിററിക്സ് വിഭാഗം അധ്യാപിക ശ്രീമതി വി. ആശയ്ക്ക് കേരള സർവകലാശാലയിൽ നിന്നും പി. എച്ച്. ഡി. ബിരുദം ലഭിച്ചു. എ കെ പി സി ടി എ യുടെ സജീവ അംഗമാണ് ഡോ. ആശ. ഡോ. വി. ആശയ്ക്ക് സംഘടനയുടെ അഭിനന്ദനങ്ങൾ.

# പ്രൈവററ് കോളേജുകളിൽ ഫുൾടൈം എം. ഫിൽ, കോഴ്സ് തുടങ്ങണം

**Dr. വി. ആർ. പ്രകാശം**
ഫാത്തിമ കോളേജ്, കൊല്ലം

എം. ഫിൽ (മാസ്ററർ ഓഫ് ഫിലോസഫി) ഒരു ഗവേഷണബിരുദമാണ്. യൂണിവേഴ്സിററികളിലെ വിവിധ വകുപ്പുകളിലാണ് മുൻകാലങ്ങളിൽ എം. ഫിൽ കോഴ്സ് നടത്തിവന്നിരുന്നത്. കോഴ്സ് നടത്താനുള്ള സൗകര്യം ഇവിടെ മാത്രമാണ് ഉണ്ടായിരുന്നത്. എന്നാൽ ഓരോ വിഷയത്തിലും വിരലിൽ എണ്ണാവുന്ന സീററുകൾ മാത്രമെ ഈ വകുപ്പുകളിൽ ലഭ്യമായിരുന്നുള്ളൂ 1990-ൽയുജിസി സ്കീം കേരളത്തിൽ നടപ്പിൽവന്നതോടെ ചില പ്രൈവററ് കോളേജുകളിൽ പാർട്ട്ടൈം എം. ഫിൽ കോഴ്സുകൾ തുടങ്ങുകയുണ്ടായി. പ്രധാനമായും നിലവിലുള്ള കോളേജ് അധ്യാപകരുടെ നിലവാരം ഉയർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു ഈ സംരംഭം. മൂന്ന് ബാച്ചുകൾക്ക് ശേഷം ഈ കോഴ്സ് നിർത്തൽ ചെയ്യുകയും ചെയ്തു. എന്നാൽ ഇതിനെതുടർന്ന് ചിലസർക്കാർ കോളേജുകളിൽ ഉയർന്ന അക്കാഡമിക് അന്തരീക്ഷം സൃഷ്ടിക്കാൻ വേണ്ടി ഫുൾടൈം എം. ഫിൽ കോഴ്സ് തുടങ്ങി. പക്ഷെ പ്രൈവററ് കോളേജുകളെ ഇതിൽ നിന്നും മാററിനിർത്തി. താഴെ പറയുന്ന ചില കാരണങ്ങളുടെ അടിസ്ഥാനത്തിൽ ഉടൻതന്നെ എം.ഫിൽ കോഴ്സുകൾ പ്രൈവററ് കോളേജുകളിൽ തുടങ്ങാനുള്ള നടപടി ഉണ്ടാകണം. 1996 ആഗസ്ററ് 18-ന് എറണാകുളത്ത് ഹോട്ടൽ എംബസിയിൽവച്ചു കൂടിയ സംഘടനയുടെ അക്കാദമിക് കൗൺസിൽ യോഗത്തിൽ ഈ ലേഖകൻ ഇതേ ആവശ്യം ഉന്നയിച്ചിരുന്നു.

1. പാർടൈം കോഴ്സിനെക്കാൾ ഫലപ്രദമായി ഫുൾ ടൈം കോഴ്സ് നടത്താൻ സാധിക്കും.
2. യൂണിവേഴ്സിററി വകുപ്പുകളിൽ ആവശ്യത്തിനുള്ള സീററ് ലഭ്യമല്ല. കേവലം ഒന്നും രണ്ടും റാങ്ക് ജേതാക്കൾക്കുമാത്രമാണ് പഠിക്കാൻ അവസരം കിട്ടുന്നത്.
3. ബിരുദ ബിരുദാനന്തരതലത്തിലെ നിലവിലുള്ള സിലബസനുസരിച്ച് ഗവേഷണം എന്തെന്ന് മനസിലാക്കാൻ വിദ്യാർത്ഥികൾക്ക് അവസരമില്ല. കോഴ്സുകളുടെ ഭാഗമായി പ്രോജക്ട്വർക്ക് ഇല്ലായെന്നതാണ് ഇതിനു കാരണം. അഥവാ ചില വിഷയങ്ങളിൽ ഉണ്ടെങ്കിൽതന്നെ അവയ്ക്ക് അർഹിക്കുന്ന പ്രാധാന്യം കൊടുക്കുന്നില്ല.
4. ബിരുദാനന്തരതലത്തിൽ അധികവും ജനറൽ വിഷയങ്ങളാണ് പഠിക്കുന്നത്. എം. ഫിൽ കോഴ്സിലൂടെ ഒരു സ്പെഷലൈസേഷന് അവസരം ലഭിക്കും.
5. എം. ഫിൽ ഡിഗ്രി കഴിഞ്ഞവർക്ക് പിഎച്ച്. ഡിക്ക് ചേരാൻ യോഗ്യതാനിർണ്ണയ പരീക്ഷ എഴുതേണ്ടതില്ല.
6. എം. ഫിൽ കഴിഞ്ഞവർക്ക് തുടർന്ന് രണ്ട്വർഷത്തിനുള്ളിൽ പി. എച്ച്. ഡി. തീസിസ് സമർപ്പിക്കാവുന്നതാണ്.
7. ഗവേഷണം ചെയ്യുന്നതിനുള്ള താൽപര്യം വിദ്യാർത്ഥികളിലും അധ്യാപകരിലും ഉണ്ടാക്കാനും നിലനിർത്താനും കഴിയും.
8. ഉന്നത വിദ്യാഭ്യാസരംഗത്ത് പിന്നിൽ നില്ക്കുന്ന കേരളത്തെ മുന്നോട്ടുകൊണ്ടു പോകാൻ സാധിക്കും.
9. അന്യസംസ്ഥാനങ്ങളിലെ പ്രൈവററ് കോളേജുകളിൽ ഫുൾ ടൈം എം. ഫിൽ കോഴ്സ് വർഷങ്ങളായി നടക്കുന്നുണ്ട്.
10. എം. ഫിൽ കോഴ്സ് തേടി നമ്മുടെ വിദ്യാർത്ഥികൾ അയൽസംസ്ഥാനങ്ങളിൽ പോകുന്നത് ഒഴിവാക്കാം.

11. തിരുവനന്തപുരത്തെ യൂണിവേഴ്സിററി കോളേജുപോലുള്ള സർക്കാർ സ്ഥാപനങ്ങളിൽ ഈ കോഴ്സ് ആരംഭിച്ചിട്ട് രണ്ട് വർഷത്തോളമായി.

12. പ്രൈവററു കോളേജുകളിൽ എം.ഫിൽ പഠിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും യോഗ്യരായ അധ്യാപകരുണ്ട്.

13. പ്രൈവററ് കോളേജുകളിലെ പല വകുപ്പുകളും പി.എച്ച്.ഡി. ചെയ്യുന്നതിനുള്ള അംഗീകൃത റിസർച്ച് സെൻററുകളായി ഉയർന്നുകഴിഞ്ഞിട്ടുണ്ട്. ഈ വകുപ്പുകളിൽ എം. ഫിൽ കോഴ്സ് തുടങ്ങാൻ സൗകര്യം ഉണ്ടാകും.

